**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2443** **30-09-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ വകുപ്പിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ പൊതു സർവീസ് രൂപീകരണത്തിനുശേഷം ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസുകളിൽ നിന്നും ഒരു വർഷം മുൻപ് വിരമിച്ച മുനിസിപ്പൽ ജീവനക്കാർക്ക് ആർജ്ജിതാവധി ടെർമിനൽ സറണ്ടർ ചെയ്യാൻ അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; സ്പാർക്ക് സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്താൻ ഒരു വർഷത്തിൽ കൂടുതലായിട്ടും കഴിയാത്തതെന്തുകൊണ്ടാണ്; വ്യക്തമാക്കുമോ; | (എ) | മുൻ മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർക്ക് സ്പാർക്ക് ഐ.ഡി ഉപയോഗിച്ച് ശമ്പളം മാറിവരുന്നതിനാലാണ് സ്പാർക്കിൽ 60 ദിവസത്തിൽ കൂടുതൽ ടെർമിനൽ സറണ്ടർ അനുവദിക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നത്. പ്രസ്തുത വിഷയം ധനകാര്യ വകുപ്പിൽ, 05.06.2025 ലെ സ.ഉ (സാധാ) നം. 5022/2025/ധന പ്രകാരം രൂപീകരിച്ച കമ്മിറ്റി പരിശോധിച്ചുവരികയാണ്. |
| (ബി) | പ്രസ്തുത വകുപ്പിൽ പ്രൊമോഷൻ ലഭിക്കേണ്ട സമയത്ത് സി. ആർ. (കോൺഫിഡൻഷ്യൽ റിപ്പോർട്ട് ) സമർപ്പിച്ചു കൊള്ളാം എന്ന വ്യവസ്ഥയിൽ സമയബന്ധിത ഹയർ ഗ്രേഡ് വാങ്ങുകയും എന്നാൽ സമയ ബന്ധിതമായി സി. ആർ. സമർപ്പിക്കാതിരിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥരിൽ നിന്നും അധികമായി കൈപ്പറ്റിയ തുക നിയമനുസരണ പലിശ സഹിതം തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകാമോ; | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിലെ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർക്ക് അവർക്ക് അർഹതപ്പെട്ട റെഗുലർ പ്രൊമോഷൻ നിർദ്ദിഷ്ട കാലയളവുകളിൽ ലഭിക്കാതിരിക്കുമ്പോഴാണ് പ്രസ്തുത ഉദ്യോഗസ്ഥർക്ക് ശമ്പള പരിഷ്കരണ ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നതിൻ പ്രകാരം സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നത്. പ്രവേശന തസ്തികയിലെ നിശ്ചിത കാലയളവ് സേവനം ആധാരമാക്കിയാണ് സമയബന്ധിത ഹയർഗ്രേഡുകൾ അനുവദിച്ച് വരുന്നത്.<br><br>സർക്കുലർ നം. 46/2008/Fin തീയതി 08.08.2008 പ്രകാരം അപേക്ഷ, ഡിക്ലറേഷൻ ഫോം എന്നിവ സമർപ്പിക്കുന്ന മുറയ്ക്ക് ആയവ പരിശോധനയ്ക്ക് വിധേയമാക്കിയാണ് ഹയർഗ്രേഡ് അനുവദിച്ച് നൽകുന്നത്. എന്നാൽ പ്രസ്തുത സർക്കുലറിൽ സമയബന്ധിത ഹയർഗ്രേഡുകൾ അനുവദിച്ച് നൽകുന്നതിന് കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. |
| (സി) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലിനോക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് | (സി) | തദ്ദേശ സ്വയംഭരണ വകുപ്പ് ഒഴികെ മറ്റു വകുപ്പുകളിൽ ശമ്പളം മാറുന്നത് പ്രധാനമായും സ്പാർക്ക് മുഖേനയായതിനാൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്ത |

| | | | |
|---|---|---|---|
| | ജീവനക്കാർക്ക് നാളിതുവരെ ശമ്പള പരിഷ്കരണ കുടിശിക അനുവദിക്കാത്തതിന്റെ കാരണം അറിയിക്കുമോ; ഇവർക്ക് ശമ്പള പരിഷ്കരണ കുടിശിക എപ്പോൾ നൽകുവാൻ കഴിയുമെന്നറിയിക്കുമോ; | | ജീവനക്കാർക്ക് സർക്കാരിന്റെ 0070-60-800-24-Receipt എന്ന ശീർഷകത്തിൽ തുക അടവാക്കി സ്പാർക്ക് മുഖേന തന്നെ പേ-റിവിഷൻ തുക പ്രസ്തുത ജീവനക്കാർക്ക് വിതരണം ചെയ്യാൻ സാധിക്കുന്നതാണ്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ ജീവനക്കാർക്ക് വകുപ്പ് ഏകീകരണത്തോട് അനുബന്ധിച്ച് സ്പാർക്ക് മുഖേന ശമ്പളം മാറുന്ന ഓഫീസിൽ നിന്ന് (പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസ്, ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസ്, ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്) സ്പാർക്ക് ഇതര ഓഫീസുകളിലേയ്ക്കും (മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമ പഞ്ചായത്ത് ഓഫീസ്) സ്പാർക്ക് ഇതര ഓഫീസുകളിൽ നിന്നും സ്പാർക്ക് മുഖേന ശമ്പളം മാറുന്ന ഓഫീസുകളിലേയ്ക്കും സ്ഥലംമാറ്റം ലഭിച്ചിട്ടുണ്ട്. ആയതിനാൽ മറ്റു വകുപ്പുകളിൽ തുടരുന്ന രീതി തദ്ദേശ സ്വയംഭരണ വകുപ്പിൽ നടപ്പിലാക്കാൻ സാധിക്കില്ല. ടി ജീവനക്കാർക്ക് ശമ്പള പരിഷ്കരണ കുടിശിക അനുവദിക്കുന്ന വിഷയം സർക്കാരിൽ പരിശോധിച്ചുവരികയാണ്. |
| (ഡി) | തിരുവനന്തപുരം നഗരസഭയിൽ നിന്നും വിരമിച്ച മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽ ആർക്കൊക്കെയാണ് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാത്തതെന്ന് പേരുവിവരം സഹിതം വ്യക്തമാക്കാമോ; ഇവർക്ക് എന്നേക്ക് പെൻഷനും ആനുകൂല്യങ്ങളും ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; ഇവരുടെ അപേക്ഷകളിൽ നടപടിയെടുക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ഡി) | 1. ശ്രീ. അനിൽകുമാർ. R - സീനിയർ ക്ലർക്ക് (വിജിലൻസ് കേസ് നില നിൽക്കുന്നു. (SB, PB, NLC/LC എന്നിവ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി നഗരസഭയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല).<br><br>2. ശ്രീ. കെസി. H.R - സീനിയർ ക്ലർക്ക് (നഗരസഭയിലെ ബാധ്യത തീർപ്പാക്കുന്ന മുറയ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചാൽ മതിയെന്ന് ആവശ്യപ്പെട്ട് ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. (SB, PB, NLC/LC എന്നിവ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി നഗരസഭയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല).<br><br>3. ശ്രീമതി. പദ്മജാദേവി. എ.വി - റവന്യൂ ഇൻസ്പെക്ടർ (നഗരസഭയിൽ നിന്നും SB, PB എന്നിവ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി ലഭ്യമാക്കിയിട്ടില്ല NLC/LC,LPC എന്നിവയും ലഭ്യമാക്കിയിട്ടില്ല).<br><br>4. ശ്രീ. ജയ് പ്രേം. ജെ - ഡ്രൈവർ (നഗരസഭയിൽ നിന്നും SB, PB എന്നിവ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി ലഭ്യമാക്കിയിട്ടില്ല NLC/LC,LPC എന്നിവയും ലഭ്യമാക്കിയിട്ടില്ല).<br><br>5. ശ്രീ. അരുൺകുമാർ. എസ് (ഫാമിലി പെൻഷൻ) - റവന്യൂ ഇൻസ്പെക്ടർ (ജീവനക്കാരന്റെ മരണസർട്ടിഫിക്കറ്റ്, മറ്റനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല) |

| | | | |
|---|---|---|---|
| | | | 6. ശ്രീ. മധുസൂദനൻ - റവന്യൂ ഇൻസ്പെക്ടർ (പെൻഷൻ ബുക്ക് രേഖപ്പെടുത്തലുകൾ നടത്തി ലഭ്യമാക്കിയിട്ടില്ല. NLC/LC,LPC എന്നിവയും ലഭ്യമാക്കിയിട്ടില്ല). |
| (ഇ) | പെൻഷൻ ലഭിക്കാത്തവരുടെ പെൻഷൻ പേപ്പറുകൾ തിരുവനന്തപുരം നഗരസഭയിലെ ഓരോ സീറ്റിലും എത്ര ദിവസം വരെ പെന്റിംഗ് ആയിരുന്നുവെന്ന് വ്യക്തമാക്കാമോ; ഇതോടൊപ്പം സമർപ്പിച്ച അപേക്ഷകളിൽ പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ച അപേക്ഷകളുമായി താരതമ്യം ചെയ്ത് വിശദീകരണം നൽകാമോ? | (ഇ) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ